# ACADEMIC MASTER PLAN

# HOLY FAMILY HIGH SCHOOL ANGAMALY

==================================================

**''ഒരു വിദ്യാലയം തുറക്കുമ്പോൾ നൂറ് കാരാഗൃഹങ്ങൾ അടയ്ക്കപ്പെടുന്നു.''**

**- വിക്ടർ ഹ്യൂഗോ**

## 1) ആമുഖം

അറിവിനും അനുഭവങ്ങൾക്കുമപ്പുറം ചാക്രികമായ അറിവിന്റെ കൊടുക്കൽവാങ്ങലുകൾക്ക് കൂടുതൽ സാധ്യതയൊരുക്കുന്ന അക്കാദമിക സ്ഥാപനങ്ങളാണ് വിദ്യാലയങ്ങൾ. ഈ ഭൂമിയിലുള്ള അറിവിന്റെ വെളിച്ചം അശരണരും ദുർബലരുമായ സാധാരണമനുഷ്യന് പകർന്നുനൽകിയതിൽ നമ്മുടെ സ്ക്കൂളുകൾ വഹിച്ച പങ്ക് നിസ്തുലമാണ്. അധീശവർഗത്തിന്റെ അടയാളമായിരുന്ന അറിവിനെ അധസ്ഥിതരുടെ പടവാളാക്കി മാറ്റുകയാണ് നാം ചെയ്തത്.മണ്ണിനോട് മല്ലിടുന്ന കൂലിവേലക്കാർക്കും കടലിനോട് പൊരുതുന്ന കടലിന്റെ മക്കൾക്കും ഒരു കാലത്ത് അപ്രാപ്യമായിരുന്ന വിദ്യയെ അവർക്കിടയിൽ സാർവ്വത്രികമാക്കുന്നതിൽ ഈ മാതൃസ്ഥാനം വലിയൊരു മുന്നേറ്റമാണ് നടത്തിയത്.

ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷന്റെ കീഴിൽ അങ്കമാലി പട്ടണത്തിന്റെ ഹൃദയഭാഗത്ത് വളരെ മികച്ച രീതിയിൽ നിർധനരായ വിദ്യാർത്ഥികളുടെ ഉന്നമനത്തിനും വളർച്ചക്കുമായി നിലവാരമുള്ള വിദ്യാഭ്യാസവും അനുബന്ധ പ്രവർത്തനങ്ങളുമായി കഴിഞ്ഞ 98 വർഷക്കാലമായി പ്രവർത്തിച്ചുവരുന്ന വിദ്യാലയമാണ് അങ്കമാലി ഹോളി ഫാമിലി ഹൈസ്കൂൾ.

അങ്കമാലി പ്രദേശത്തെ കോളനികളിലെയും ചേരിപ്രദേശങ്ങളിലെയും കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തെ ലക്ഷ്യമാക്കി 1928ൽ സ്ഥാപിതമായ ഈ സ്കൂൾ ഇതിനോടകം ആയിരക്കണക്കിന് വിദ്യാർത്ഥിനി വിദ്യാർത്ഥികളെ വിജ്ഞാനത്തിന്റെ ഉന്നത നിലവാരത്തിലെത്തിക്കാനും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത പ്രവർത്തന മേഖലകളിൽ ശോഭിക്കുന്ന ബഹുമുഖപ്രതിഭകളാക്കി മാറ്റാനും കാരണമായിട്ടുണ്ട്. ഈ കാലഘട്ടത്തിൽ അങ്കമാലിക്ക് ചുറ്റുമുള്ള A–കോളനി, B– കോളനി, C– കോളനി, D –കോളനി, E – കോളനി, പാലിയേക്കര കോളനി, C. K. കോളനി, വേങ്ങൂർ ഹരിജൻ കോളനി മുതലായ 25ഓളം കോളനികളിൽ നിന്നുള്ള ക്രിസ്ത്യൻ, മുസ്ലീം, ഹൈന്ദവ സമുദായങ്ങളിലെ കുട്ടികളും, സ്ക്കൂളിനടുത്തുള്ള ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള കുട്ടികളും, ശാന്തിഭവനിൽ നിന്നുള്ള കുട്ടികളും പഠനത്തിനായി ആശ്രയിക്കുന്നത് ഈ സ്ക്കൂളിനെയാണ്.

അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്ന ഈ വിദ്യാലയം SSLC പരീക്ഷയിൽ തുടർച്ചയായി 100 ശതമാനം വിജയം കരസ്ഥമാക്കികൊണ്ട് മുന്നേറുന്നു. സബ് ജില്ലാ തല, റവന്യുതല, സംസ്ഥാനതല കലാ കായിക പ്രവർത്തിപരിചയ, ശാസ്ത്ര മേളകളിൽ എല്ലാ വർഷവും കുട്ടികളെ പങ്കെടുപ്പിക്കുകയും മികച്ച നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തുവരുന്നു.

അങ്കമാലി മുനിസിപ്പാലിറ്റിയുടെയും ബ്ലോക്ക് പഞ്ചായത്തിന്റെയും നേതൃത്വത്തിലുള്ള നിരവധി മാനവിക, സാംസ്കാരിക, മതസൗഹാർദ പ്രവർത്തനങ്ങളിൽ വർഷം തോറും ഹോളി ഫാമിലി സ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരും സജീവമായി പങ്കെടുക്കുന്നു. അങ്കമാലി നഗരസഭയുടെ കീഴിലുള്ള സ്ക്കൂളുകളെ പങ്കെടുപ്പിച്ചുകൊണ്ട് വർഷം തോറും നടക്കുന്ന സ്വാതന്ത്ര്യദിനറാലിയിൽ എല്ലാ വർഷവും തന്നെ മികച്ച പ്രകടനത്തിനുള്ള ട്രോഫി ഈ സ്ക്കൂൾ കരസ്ഥമാക്കുന്നു.

അക്കാദമിക പ്രവർത്തനങ്ങളോടൊപ്പം സ്ക്കൂളിന്റെ മികവിന് മാറ്റുകൂട്ടിക്കൊണ്ട് സ്കൗട്ട്സ് & ഗൈഡ്സ്, റെഡ്ക്രോസ്, റെഡ് റിബ്ബൺ, ലിറ്റിൽ കൈറ്റ്സ്, സ്ക്കൂൾ ബാൻഡ്, വിവിധ ക്ലബ്ബുകൾ എന്നിവയും നല്ല രീതിയിൽ പ്രവർത്തനം നടത്തിവരുന്നു.

ഈ വർഷം സ്ക്കൂളിൽ 1133 കുട്ടികൾ 5 മുതൽ 10 വരെയുള്ള ക്ലാസുകളിലായി അദ്ധ്യയനം നടത്തി വരുന്നു. സ്ക്കൂളിൽ നിന്ന് പ്രതിവർഷം ശരാശരി 250 ഓളം കുട്ടികൾ SSLC പരീക്ഷയെഴുതി വിജയികളാകുന്നുണ്ട്.

**മികവുകളും പരിമിതികളും**

കേരളത്തിലെ എറണാകുളം ജില്ലയിലെ അങ്കമാലി പട്ടണത്തിന്റെ ഹൃദയഭാഗത്താണ് ഹോളി ഫാമിലി വിദ്യാലയം സ്ഥിതി ചെയ്യുന്നത്. യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലായി 1133 കുട്ടികളും 39 അധ്യാപകരുമുണ്ട്. അഞ്ചാം തരം മുതൽ പത്താം തരം വരെ മലയാളം, ഇംഗ്ലീഷ് മീഡിയം ക്ളാസ്സുകൾ നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. വളരെ സജീവമായ രീതിയിൽ പ്രവർത്തിച്ചു വരുന്ന പിടിഎ യും, വിദ്യാലയ വികസന സമിതിയും ,എസ്.എം.സി.യും ഇന്ന് വിദ്യാലയത്തിനുണ്ട്. മാനേജുമെന്റിന്റെ സഹായത്താൽ വിദ്യാലയത്തിലെ 15 ക്ലാസ് മുറികൾ നവീകരിച്ച് ഹൈടെക് ക്ളാസ് മുറികളാക്കി മാറ്റി. മാനേജുമെന്റിന്റെ സഹായത്താൽ തന്നെ ഏതാനും വർഷങ്ങൾക്കുമുൻപ് പുതിയ ഹൈസ്ക്കൂൾ ബ്ലോക്ക്, ടോയ്‌ലറ്റ് കോംപ്ലക്സ്, അടുക്കളയുടെ നവീകരണം, ഫുട്ബോൾ ഗ്രൗണ്ട് എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തി. ഇതിനു പുറമെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഊട്ടുപുരയും ഈ അടുത്തകാലത്തായി പണികഴിപ്പിച്ചിട്ടുണ്ട്.

കേവലം ക്ലാസ് മുറികളിൽ മാത്രം ഒതുങ്ങാതെ സമൂഹത്തിലേക്കിറങ്ങിയുള്ള പഠനപ്രവർത്തനങ്ങളിലേക്ക് കുട്ടികളെ ആകർഷിക്കാൻ സ്കൂളിലെ വിവിധ പ്രവർത്തനങ്ങൾ മൂലം കഴിയുന്നുണ്ട്. കാർഷിക, പരിസ്ഥിതി സംബന്ധമായ പ്രവർത്തങ്ങളിൽ കുട്ടികളുടെ താല്പര്യവും പങ്കാളിത്തവും മികച്ചതാണ്. വിവിധ മേളകളിൽ സംസ്ഥാനതലം വരെ മികവാർന്ന പ്രകടനങ്ങൾ കാഴ്ച്ചവയ്ക്കാൻ വിദ്യാലയ പ്രതിഭകൾക്ക് സാധിക്കുന്നുണ്ട്. എങ്കിൽത്തന്നെയും ബഹുഭൂരിപക്ഷം രക്ഷിതാക്കളും സാമ്പത്തികമായും, സാമൂഹികമായും, വിദ്യാഭ്യാസ പരമായും പിന്നോക്കാവസ്ഥയിലുള്ളവരായതിനാൽ ക്ലാസ് മുറികളിലെ പ്രവർത്തനങ്ങളുടെ തുടർച്ചയായുള്ള വീടുകളിലെ പ്രവർത്തനങ്ങൾ തീർത്തും നിരാശാജനകമാണ്. വിദ്യാലയ വികസന സമിതിയുടെ നേതൃത്വത്തിൽ വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഭൗതിക മേഖലയിൽ ഇനിയും ഏറെ മെച്ചപ്പെടുത്തലുകൾ ആവശ്യമാണ്. ഉള്ളടക്കത്തിലും പ്രയോഗത്തിലും, സമീപനത്തിലും, സാമൂഹിക കാഴ്ച്ചപ്പാട് ഉൾക്കൊള്ളുന്ന നിലവിലെ പാഠ്യപദ്ധതിക്കനുഗുണമായുള്ള ഒരു അക്കാദമിക മാസ്റ്റർ പ്ലാനാണ് വിദ്യാലയത്തിനു വേണ്ടി തയ്യാറാക്കിയിരിക്കുന്നത്. ചലനാത്മകവും വികസനോന്മുഖവും, പ്രശനങ്ങളെ മുറിച്ച് കടക്കാനുള്ള പ്രായോഗിക ശേഷി നൽകുന്നതുമായ ഒരു സർഗാത്മക പ്രവർത്തനമായി പഠനത്തെ മാറ്റിയെടുക്കാൻ പ്രേരിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് പ്ലാനിന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിരിക്കുന്നത്.

അഞ്ചാം തരം മുതൽ പത്താം തരം വരെ മലയാളം, ഇംഗ്ലീഷ് മീഡിയം ഉൾപ്പെടെ ആകെ 30 ഡിഷനുകളിലായി കുട്ടികൾ ഇവിടെ പഠിക്കുന്നു. ഉള്ളടക്കത്തിലും, പ്രയോഗത്തിലും സമീപനത്തിലും സാമൂഹിക കാഴ്ചപ്പാട് സന്നിവേശിപ്പിച്ച ഒരു പാഠ്യപദ്ധതിയാണ് നാമിന്ന് സ്വീകരിച്ചിട്ടുള്ളത്. കേവലജ്ഞാനസമ്പാദനത്തിനപ്പുറം ചലനാത്മകവും, വികസനോന്മുഖവും, പ്രശ്നങ്ങളെ മുറിച്ചു കടക്കാനുള്ള പ്രായോഗികശേഷി നൽകുന്നമായ ഒരു സർഗാത്മക പ്രവർത്തനമായി പഠനം മാറുകയാണ്. ഈ ഒരു കാഴ്ചപ്പാട് അതിന്റെ അർത്ഥത്തിലും വ്യാപ്തിയിലും ഉൾക്കൊള്ളുകയും പ്രയോഗിക്കുകയുമാണ് അക്കാദമിക സമൂഹം ചെയ്യേണ്ടത്. അതിനു പര്യാപ്തമായ വിധത്തിൽ വിദ്യാലയ അന്തരീക്ഷം ഭൗതികവും അക്കാദമികവുമായ അതിന്റെ സാഹചര്യങ്ങൾ മാറേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആണ് അങ്കമാലി ഹോളി ഫാമിലി സ്കൂൾ വിദ്യാലയ വികസന പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ഇതിനായി സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരുകയും വിശദമായ പദ്ധതി രൂപീകരിക്കുകയും ചെയ്തു.

**കുട്ടികളുടെ എണ്ണം**

| വർഷം | കുട്ടികളുടെ എണ്ണം |
|---|---|
| 2017-18 | 1326 |
| 2018-19 | 1315 |
| 2019-20 | 1254 |
| 2020-21 | 1168 |
| 2021-22 | 1170 |
| 2022-23 | 1191 |
| 2023-24 | 1192 |
| 2024-25 | 1231 |
| 2025-26 | 1133 |

കുട്ടികളുടെ എണ്ണത്തിൽ കുറവുവരാത്ത രീതിയിൽ വേണ്ട മുന്നൊരുക്കങ്ങൾ ഓരോ വർഷാരംഭത്തിലും നടത്താറുണ്ട്. സ്കൂൾ ബസ് സൗകര്യം പരിമിതമായിരുന്നത് ഒരു വലിയ കുറവായിരുന്നു. കഴിഞ്ഞ വർഷം മാനേജുമെന്റിന്റെയും അധ്യാപകരുടെയും കൂട്ടായ ശ്രമഫലമായി നിലവിലുള്ള സ്കൂൾ ബസ്, കോൺട്രാക്ട് ബസ് എന്നിവക്കുപുറമെ ഒരു പുതിയ ബസ് വാങ്ങുകയും സർവീസ് നടത്തുകയും ചെയ്തിരുന്നു. ഈ വർഷം മറ്റൊരു പുതിയ ബസ് കൂടി വാങ്ങി കുട്ടികളുടെ യാത്രാക്ലേശം പരിഹരിച്ചു മുന്നോട്ട് പോകുന്നു.

സ്കൂളിലെ കുട്ടികൾക്ക് പ്രഫഷണലായ ഒരു കായിക പരിശീലനത്തിനുതകുന്ന ഗ്രൗണ്ടിന്റെ അപര്യാപ്തത ഒരു പരിധിവരെ കുട്ടികളുടെ എണ്ണത്തിൽ വന്ന കുറവിന് കാര്യമായിരുന്നു. ഈ സാഹചര്യം മറികടക്കുന്നതിന് മാനേജുമെന്റിന്റെ കൈവശമുണ്ടായിരുന്ന ഭൂമി നികത്തി വേണ്ട അടിസ്ഥാനസൗകര്യങ്ങളോടെ പുതിയ ഗ്രൗണ്ട് കഴിഞ്ഞ വർഷം തന്നെ ഒരുക്കുകയുണ്ടായി.

അക്കാദമിക ഭൗതിക മേഖലകളിൽ മെച്ചപ്പെടുത്തേണ്ട നിരവധിയായ വിഷയങ്ങളിൽ ആവശ്യമായ രൂപരേഖ തയാറാക്കി സ്കൂൾ മുന്നോട്ട് പോകുന്നു.

അധ്യാപകർ ഓരോരുത്തരും തങ്ങളുടെ ഉത്തരവാദിത്തങ്ങൾ കൃത്യമായി ചെയ്തുപോരുന്നു. ഡിപ്പാർട്ടമെന്റ് തലത്തിൽ നടത്തിവരുന്ന പരിശീലന പരിപാടികളിൽ മുഴുവൻ അധ്യാപകരും പങ്കെടുക്കുന്നുണ്ട്. കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി പരിശീലനവേളയിൽ നേടിയ അനുഭവങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. ക്ലാസ് മുറിയിലെ കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ പഠനപ്രവർത്തനത്തിലും പ്രക്രീയകളിലും മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ട് മുന്നോട്ട് പോകാൻ കഴിയുന്നുണ്ട്. ഓരോ അധ്യാപർക്കുമുള്ള സവിശേഷ കഴിവുകൾ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് പകർന്നുകൊടുക്കാൻ ശ്രമിക്കുന്നുണ്ട്.

സ്കൂൾ തലത്തിൽ വിവിധ മേളകൾ നടത്തുന്നതിനാവശ്യമായ ആസൂത്രണങ്ങൾ എസ്.ആർ.ജി.യിൽ വേണ്ട രീതിയിൽ നടത്തുന്നുണ്ട്. അവരവരുടെ കഴിവുകൾക്കനുസരിച്ച രീതിയിൽ ചുമതലകൾ വിഭജിച്ച് നൽകിയാണ് സ്കൂൾ തല മേളകൾ സംഘടിപ്പിക്കുന്നത്. വിവിധ മേളകളിലും മറ്റ് മൽസരങ്ങളിലും സബ് ജില്ലാജില്ലാ സംസ്ഥാന തലം വരെ നമ്മുടെ കുട്ടികളെ പങ്കെടുപ്പിക്കാൻ സാധിക്കുന്നത് അഭിനന്ദനാർഹമാണ്.

കുട്ടികളുടെ രക്ഷിതാക്കളുമായി ആഴത്തിലുള്ള ബന്ധം പുലർത്തുന്നതും കൃത്യമായ ഇടവേളകളിൽ വീടുസന്ദർശനം നടത്തി അവരുടെ സാമൂഹ്യാന്തരീക്ഷം മെച്ചപ്പെടുത്താൻ ശ്രമിക്കുന്നതും ക്ലാസ്സ് പി.ടി.എകളിൽ നടക്കുന്ന സജീവമായ തുറന്ന ചർച്ചകളും അക്കാദമിക പ്രവർത്തനങ്ങൾക്ക് മേന്മയേകാൻ സഹായകമാകുന്നു. നിർദേശങ്ങളെയും

വിമർശനങ്ങളെയും പോസിറ്റീവായി എടുത്തുകൊണ്ട് വരുംകാല പ്രവർത്തനങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി മുന്നോട്ട് പോകാൻ തീരുമാനിച്ചിട്ടുണ്ട്.

**പ്രശ്നങ്ങൾ/ പോരായ്മകൾ**

ഭൗതികവും അക്കാദമികവുമായ പുരോഗതി ത്വരിതഗതിയിൽ നടക്കുമ്പോഴും ഏതാനും പരിമിതികൾ ഇതിനൊക്കെ വിഘാതമായി നിൽക്കുന്നു എന്നത് ഏറെ നിരാശ ജനിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളാണ്.

ഏറ്റവും പ്രധാനപ്പെട്ട പരിമിതി എന്നത് സ്കൂളിൽ ഒരു ഹയർ സെക്കണ്ടറി വിഭാഗം ഇല്ല എന്നുള്ളതാണ്. സ്ക്കൂളിൽ നിന്ന് പ്രതിവർഷം ശരാശരി 250 ഓളം കുട്ടികൾ SSLC പരീക്ഷയെഴുതി വിജയികളാകുന്നുണ്ട്. എന്നാൽ ഈ കുട്ടികൾക്ക് പിന്നീട് Plus Two പഠിക്കുന്നതിനായി വളരെ ദൂരെയുള്ള സ്കൂളുകളെ ആശ്രയിക്കേണ്ടതായി വരുന്നു. അങ്കമാലി മുൻസിപ്പൽ പ്രദേശത്ത് ഒരേയൊരു Plus Two സ്ക്കൂൾ പ്രവർത്തിക്കുന്നത് നായത്തോട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളിലാണ്. കാലടി പഞ്ചായത്തിന്റെ അതിർത്തിയിലായി അങ്കമാലി മുൻസിപ്പാലിറ്റിയുടെ കിഴക്കേ അറ്റത്ത് പട്ടണത്തിൽ നിന്ന് 5 കി.മി. അകലെ സ്ഥിതി ചെയ്യുന്ന നായത്തോട് സ്ക്കൂളിലേക്കുള്ള യാത്ര ക്ലേശകരമാണ്. മാത്രമല്ല നായത്തോട് സ്കൂളിൽ ശരാശരി 50 കുട്ടികളിൽ താഴെ മാത്രമാണ് ഓരോ വർഷവും SSLC പരീക്ഷ എഴുതുന്നത്. ഈ സാഹചര്യത്തിൽ അങ്കമാലി പ്രദേശത്ത് മറ്റ് Plus Two സ്ക്കൂളുകൾ ഒന്നുമില്ലാത്തതുകൊണ്ടും ഹോളിഫാമിലി ഹൈസ്ക്കൂളിൽ നിന്ന് SSLC വിജയിക്കുന്ന കുട്ടികളുടെ Plus Two പഠന സാദ്ധ്യതയെ മുൻനിർത്തിയും ഒരു ഹയർ സെക്കണ്ടറി വിഭാഗം ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്.

സ്കൂൾ ഗ്രൗണ്ടിന്റെ പൂർണമായ തോതിലുള്ള നവീകരണം ഇനിയും പൂർത്തീകരിക്കാനുണ്ട്. കോവിഡ് മഹാമാരി മൂലം ലഭിക്കേണ്ടിയിരുന്ന എം.പി. ഫണ്ട് നിലവിൽ മുടങ്ങിക്കിടക്കുകയാണ്. അത് ലഭിച്ചാൽ മാത്രമേ സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണ പ്രവർത്തനം പൂര്ണതോതിലാക്കാൻ സാധിക്കൂ.

സ്കൂളിൽ മികച്ച രീതിയിൽ പ്രവർത്തിച്ചുവന്നിരുന്ന സ്കൂൾ ബാൻഡ് ഇപ്പോൾ പല കാരണങ്ങളാൽ പൂർണമായതോതിൽ പ്രവർത്തിക്കുന്നില്ല. മികച്ച കുട്ടികളെ കണ്ടെത്തി നല്ല രീതിയിൽ പരിശീലനം നൽകി പൂർണമായ ഒരു ബാൻഡ് ടീമിനെ ഒരുക്കാനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

മ്യൂസിക്ക്, ആർട്ട്, ക്രാഫ്റ്റ്, പ്രവൃത്തിപരിചയ വിഷയങ്ങളിൽ കുട്ടികളെ പരിപോഷിപ്പിക്കുന്ന പ്രവർത്തനങ്ങൾ അക്കാദമികപ്രവർത്തനത്തോടൊപ്പവും ദിനാചരണങ്ങളുടെ ഭാഗമായും മേളകൾ, കലോത്സവങ്ങൾ എന്നിവ സംഘടിപ്പിച്ചും നടത്തിവരുന്നുണ്ട്. എങ്കിൽ തന്നെയും മെച്ചപ്പെടേണ്ട മേഖലകൾ കണ്ടെത്തി വേണ്ട പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

കായികമേഖലയിൽ നിരവധി കഴിവുറ്റ കുട്ടികൾ സ്കൂളിലുണ്ട്. അവരെ കണ്ടെത്തി പരിശീലിപ്പിച്ച് വരുന്നു. ജൂഡോ, നെറ്റ്ബോൾ, ഹാൻഡ്ബോൾ, ബാസ്കറ്റ്ബോൾ, ബാഡ്മിന്റൺ എന്നീ മേഖലകളിൽ കുട്ടികളെ ഉയർത്തിക്കൊണ്ടുവരാനുള്ള പദ്ധതികൾ തുടങ്ങിയിട്ടുണ്ട്. അതിന്റെ പ്രാരംഭ പദ്ധതി എന്ന നിലയിൽ സ്പോസർഷിപ്പിലൂടെ സ്കൂളിലെ ശോചനീയമായിക്കിടന്നിരുന്ന ബാസ്കറ്റ്ബോൾ കോർട്ട് നവീകരിച്ചിട്ടുണ്ട്.

കമ്പ്യൂട്ടർ ലാബ് നിലവിൽ ഹൈസ്കൂളിനും യു. പി ക്കുമായി ഓരോന്ന് വീതം ഉണ്ട്. എങ്കിലും അവിടുത്തെ കമ്പ്യൂട്ടറുകൾ നവീകരിച്ച് മുഴുവനായി പ്രവർത്തിക്കുന്ന നിലയിൽ എത്തിക്കേണ്ടതുണ്ട്. അതിനായി ലഭിച്ച കുറച്ച് ഫണ്ട് ഉപയോഗിച്ച് ലൈബ്രറി ബ്ലോക്കിൽ കംപ്യൂട്ടർ ലാബിന്റെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. എങ്കിൽ തന്നെയും ആവശ്യമായ എണ്ണം കംപ്യൂട്ടറുകളുടെ അഭാവം നിലനിൽക്കുന്നുണ്ട്.

സ്കൂൾ ലൈബ്രറിയിൽ നിരവധി പുസ്തകങ്ങൾ ഉണ്ടെങ്കിലും അവ വായനയ്ക്കുതകുന്ന രീതിയിൽ അടുക്കിവക്കുന്നതിനുള്ള സൗകര്യം നിലവിലില്ല. ക്ലോസ്ഡ് ഷെൽഫുകളിലാണ് നിലവിൽ പുസ്തകങ്ങൾ സൂക്ഷിച്ചിരിക്കുന്നത്. ഓരോ ക്ലാസ്സിലേക്കും ആവശ്യമായ എണ്ണം പുസ്തകങ്ങൾ വർഷാരംഭത്തിൽ വിതരണം ചെയ്യുകയും അവ കുട്ടികൾ പരസ്പരം മാറിമാറി വായിക്കുകയുമാണ് നിലവിൽ ചെയ്തുപോരുന്നത്. എന്നാൽ കുട്ടികൾക്ക് ഇരുന്ന് വായിക്കാനുതകുന്ന, പുസ്തകങ്ങൾ എളുപ്പത്തിൽ എടുത്ത് വായിക്കാനുതകുന്ന തരത്തിൽ ലൈബ്രറിയെ നവീകരിക്കേണ്ടതുണ്ട്.

## 2) പൊതു ലക്ഷ്യങ്ങൾ

- മതനിരപേക്ഷമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും കാർഷികവും സർഗാത്മകവുമായ പാരമ്പര്യം കാത്തുസൂക്ഷിക്കാനും ഭരണഘടനമൂല്യങ്ങൾ ഉൾകൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കാൻ ഉതകുംവിധം എല്ലാ കുട്ടികൾക്കും വൈവിധ്യമായ അനുഭവങ്ങളിലൂടെ തികച്ചും സൗജന്യമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയുംവിധം സമൂഹത്തിലെ വിവിധഘടകങ്ങളെ ഏകോപിപ്പിക്കുക.
- അക്കാദമിക മികവിനുപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വികസിപ്പിക്കുക.
- വിദ്യാർഥികൾ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസൃതമായി നേടേണ്ട / ആർജ്ജിക്കേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുതകുന്ന വിധത്തിൽ അക്കാദമിക കലണ്ടർ തയാറാക്കുകയും ചെയ്യുക.
- പഠനബോധനപ്രവർത്തനങ്ങൾ സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക.
- ഓരോ കുട്ടികളുടെയും പഠനവേഗതയ്ക്കും പഠനശൈലിക്കും അനുസൃതമായ പഠനബോധനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- 20 മുതൽ 30 വർഷം വരെ മുന്നിൽകണ്ടുകൊണ്ടുള്ള വികസന പദ്ധതികൾ ആസൂത്രണം ചെയ്യുവാനും ഡിപ്പാർട്ട്മെന്റുവഴിയും മാനേജുമെന്റ് വഴിയും തദ്ദേശസ്ഥാപനങ്ങൾ വഴിയും പൂർവ്വവിദ്യാർത്ഥികൾ വഴിയും ലഭിക്കാവുന്ന വിഭവസമാഹരണം നടത്തി വിദ്യാലയത്തെ അന്താരാഷ്ട്രനിലവാരത്തിലെത്തിക്കുക.
- വരുംകാലത്തിന്റെ മാറ്റങ്ങൾക്കനുസൃതമായി ആവശ്യങ്ങൾ മുൻകൂട്ടിക്കണ്ടുകൊണ്ട് എല്ലാ അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളിലും ഐ. സി. ടി. ഉപകരണങ്ങൾ പ്രയോജനപ്പെടുത്തി മുഴുവൻ കുട്ടികൾക്കും അധ്യയനം ഉറപ്പാക്കുക.
- വിദഗ്ദ്ധരായ അധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിനോടൊപ്പം വിദ്യാലയത്തിലെ എല്ലാ അധ്യാപകരുടെയും അക്കാദമികവും സാങ്കേതികവുമായ അറിവും പരിജ്ഞാനവും വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- കുട്ടികളുടെ സർഗ്ഗശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭൗതികമായ സാഹചര്യം ഒരുക്കി മികച്ച പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- കുട്ടികളിൽ ഗവേഷണാത്മക പഠനവും അധ്യാപകരിൽ ഗവേഷണാത്മക അധ്യാപനവും സാധ്യമാക്കുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നിരന്തര വിലയിരുത്തലുകളിലൂടെ പോരായ്മകൾ പരിഹരിച്ച് മുന്നേറുകയും ചെയ്യുക.
- സ്കൂൾ സമയത്തും അതിനുശേഷം പരിമിതമായും ലാബ്, ലൈബ്രറി കമ്പ്യൂട്ടർ സംവിധാനങ്ങൾ നൽകി സ്വയപഠനത്തിനും ഗ്രൂപ്പ് പഠനത്തിനും വേണ്ട സംവിധാനങ്ങൾ ഒരുക്കുക.
- സ്കൂൾ ലൈബ്രറി വിപുലീകരിച്ച് പുസ്തകവായന എല്ലാ കുട്ടികളിലുമെത്തിക്കുവാനും അതൊരു ശീലമാക്കി വളർത്തുവാനും കുട്ടികൾ ഡിജിറ്റൽ ലൈബ്രറി സംവിധാനങ്ങൾ ഗവേഷണാത്മക പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കാനും വേണ്ട ഭൗതീക സാഹചര്യങ്ങൾ ഒരുക്കുക.
- സമ്പൂർണ്ണ ശുചിത്വ, പ്ലാസ്റ്റിക്ക് മുക്ത ക്യാംപസ് സൃഷ്ടിക്കുക.
- പ്രകൃതിയോടിണങ്ങി 'പ്രകൃതി തന്നെ പാഠപുസ്തകം' എന്ന ദർശനം ഉൾകൊള്ളുന്ന പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- കുട്ടികളുടെ മാനസികവും ശാരീരികവുമായ ശാരീരികവുമായ പ്രയാസങ്ങൾ പരിഹരിക്കുന്നതിനും വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നതിനും നിലവിൽ നൽകിവരുന്ന കൗൺസിലിംഗ് സൗകര്യം കൂടുതൽ വിപുലപ്പെടുത്തുക.

- ഭിന്നശേഷി കുട്ടികളുടെ വളർച്ചക്കും വികാസത്തിനുമുതകുന്ന തരത്തിലുള്ള വിവിധ പദ്ധതികൾ തയാറാക്കി നടപ്പിലാക്കുക.
- വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളുടെ സമസ്ത മേഖലകളിലും ജനകീയപങ്കാളിത്തം ഉറപ്പുവരുത്തുവാനും സ്കൂളിലെ വിവിധ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുവാനും വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുക.
- പ്രാദേശിക വിഭവ ഭൂപടം തയാറാക്കി പ്രതിഭകളുടെ സേവനം സ്കൂളിൽ വിവിധങ്ങളായ പരിപാടികൾ വഴി ലഭ്യമാക്കുക.
- പൂർവ്വവിദ്യാർഥികളുടെ സേവനം ഏതെല്ലാം വിധത്തിൽ പ്രയോജനപ്പെടുത്താമെന്നതുസംബന്ധിച്ച് രൂപരേഖ തയാറാക്കുകയും പൂർവ്വവിദ്യാർഥിസംഘടന ശക്തിപ്പെടുത്തി അവരുടെ സേവനം വിവിധങ്ങളായ ഭൗതീക, അക്കാദമിക, അക്കാദമികേതര പ്രവർത്തനങ്ങളിൽ ലഭിക്കുന്നതിനുവേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.

## 3) വിഷയാടിസ്ഥാനത്തിലുള്ള പ്രശ്നപരിഹാര പ്രവർത്തന രൂപരേഖ

| SUBJECT | MALAYALAM | | SECTION: HS | | | |
|---|---|---|---|---|---|---|
| Sl. No. | പദ്ധതിയുടെ/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങളുടെ ലഘുവിവരണം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് | ചുമതല | സാമ്പത്തികസഹായം ആവശ്യമുണ്ടെങ്കിൽ അവയുടെ സ്രോതസ്സ് | മറ്റ് സൂചനകൾ |
| 1 | അനായാസം മലയാളഭാഷാ കൈകാര്യം ചെയ്യാനുള്ള ശേഷി കൈവരിക്കൽ | ദിവസവും ഒരു വാർത്ത / പാഠഭാഗം ഉച്ചത്തിൽ വായിക്കുന്നു. കൂടാതെ 'പകർത്ത്' എഴുതുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | --- | |
| 2 | വിവിധ വ്യവഹാരരൂപങ്ങൾ കൃത്യതയോടെ കൈകാര്യം ചെയ്യാനുള്ള മികവ് നേടൽ. | ഓരോ വ്യവഹാര രൂപത്തെക്കുറിച്ചും അധ്യാപകർ ക്ലാസ്സുകളിൽ കുട്ടികൾക്ക് വ്യക്തമായ ധാരണ നൽകുന്നു. | ആഴ്ചയിൽ ഒരിക്കൽ | മലയാളം അധ്യാപകർ | --- | |
| 3 | വായനമൂല സജ്ജീകരിക്കൽ | കുട്ടികൾ തങ്ങളുടെ ഉത്തരവാദിത്തത്തിൽ ക്ലാസ് ക്ലാസ്സ് അടിസ്ഥാനത്തിൽ വായനാമൂല സജ്ജീകരിക്കുന്നു. | വർഷം മുഴുവൻ | മലയാളം അധ്യാപകർ | --- | |
| 4 | വായനക്കുറിപ്പ് മത്സരം | വായനാമൂലയിൽ സമാഹരിച്ച പുസ്തകങ്ങൾ വായിച്ച് കുട്ടികൾ വായനക്കുറിപ്പ് മത്സരത്തിൽ പങ്കെടുക്കുന്നു. | രണ്ട് മാസത്തിൽ ഒരിയ്ക്കൽ | മലയാളം അധ്യാപകർ | --- | |
| 5 | ശില്പശാല സംഘടിപ്പിക്കൽ | കുട്ടികളിൽ സാഹിത്യാഭിരുചി വളർത്താൻ ഉതകുന്ന രചനാശില്പശാല സംഘടിപ്പിക്കൽ | വർഷത്തിൽ ഒരിക്കൽ | മലയാളം അധ്യാപകർ | --- | |

| SUBJECT | MALAYALAM | | SECTION: UP | | | |
|---|---|---|---|---|---|---|
| Sl. No. | പദ്ധതിയുടെ/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങളുടെ ലഘുവിവരണം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് | ചുമതല | സാമ്പത്തികസഹായം ആവശ്യമുണ്ടെങ്കിൽ അവയുടെ സ്രോതസ്സ് | മറ്റ് സൂചനകൾ |
| 1 | മലയാളം എക്സ്ട്രാ ക്ലാസുകൾ | യു.പി. ക്ലാസ്സുകളിലെ മലയാളം എഴുതാനും വായിക്കാനും അറിയില്ലാത്ത കുട്ടികളെ വൈകീട്ട് 1 മണിക്കൂർ ഇരുത്തി പഠിപ്പിക്കുന്നു. | വർഷം മുഴുവൻ | മലയാളം അധ്യാപകർ | --- | |
| 2 | അക്ഷരകാർഡുകൾ വഴിയുള്ള അക്ഷരപഠനം | കുട്ടികൾക്ക് അക്ഷര കാർഡുകൾ നൽകി അതിൽ നിന്നും വാക്കുകൾ നിർമിക്കാനുള്ള അക്ഷരപഠനം | രണ്ട് മാസത്തിൽ ഒരിയ്ക്കൽ | മലയാളം അധ്യാപകർ | --- | |
| 3 | റീഡിങ് പിരീഡ് ആക്ടിവിറ്റികൾ | റീഡിങ് പിരീഡിലെ ടീച്ചർ വിവിധ വിഷയങ്ങളിലുള്ള പുസ്തകങ്ങൾ വായിപ്പിച്ച് ഭാഷാപഠനം എളുപ്പമാക്കുന്നു. | വർഷം മുഴുവൻ | റീഡിങ് പിരീഡിലെ അധ്യാപകർ | --- | |

| Subject | English | | | | Section: HS | |
|---|---|---|---|---|---|---|
| Sl. No. | പദ്ധതിയുടെ/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങളുടെ ലഘുവിവരണം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് | ചുമതല | സാമ്പത്തികസഹായം ആവശ്യമുണ്ടെങ്കിൽ അവയുടെ സ്രോതസ്സ് | മറ്റ് സൂചനകൾ |
| 1 | Daily Diary | Format of Diary writing was given, asked to write their experience in a diary format and present it to the teacher | Working Days | English Teachers | --- | Enhance Writing Skill |
| 2 | Holy Family Express | Day today activities conducted in Holy Family School was collected, and reported by News agency committee selected from school students. | Published monthly | English Teachers | --- | Enhance LSRW Skills |
| 3 | News Desk | Oral presentation of news gathered and reported in the Holy Family Express | Weekly once | English Teachers | --- | Enhance Listening and Speaking skills |
| 4 | Language Lover 24x7 | Word Building, Dictation, Copywriting, pyramid construction, loud reading, language games etc. is done | Weekly once | English Teachers | --- | Enhance LSRW Skills |
| 5 | Visual Vaganza | Role play, panel discussion, hot seat pursuit, skit, debate, choreography of the poem, etc. | fortnightly | English Teachers | --- | Enhance LSRW Skills especially for weak learners |

| Subject | English | | | | Section: UP | |
|---|---|---|---|---|---|---|
| Sl. No. | പദ്ധതിയുടെ/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങളുടെ ലഘുവിവരണം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് | ചുമതല | സാമ്പത്തികസഹായം ആവശ്യമുണ്ടെങ്കിൽ അവയുടെ സ്രോതസ്സ് | മറ്റ് സൂചനകൾ |
| 1 | Remedial Class | Find weak students in class 5, 6 & 7 in English language for reading and writing and encourage them with remedial classes in the evening | Once in a week | English Teachers | --- | |
| 2 | Writing Skill Development | Writing Practice classes for weaker Students | Once in a week (Reading Period) | English Teachers | --- | |
| 3 | Seminar | Seminar for students for giving them some tips on speaking skill development | Once in a year | English Teachers | --- | |

| Subject | HINDI | | | Section: HS & UP | | |
|---|---|---|---|---|---|---|
| Sl. No. | പദ്ധതിയുടെ/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങളുടെ ലഘുവിവരണം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് | ചുമതല | സാമ്പത്തികസഹായം ആവശ്യമുണ്ടെങ്കിൽ അവയുടെ സ്രോതസ്സ് | മറ്റ് സൂചനകൾ |
| 1 | അനായാസം ഹിന്ദി ഭാഷ കൈകാര്യം ചെയ്യുവാനുള്ള ശേഷി കൈവരിക്കൽ | കുട്ടികൾ ദിവസവും പാഠഭാഗം ഉച്ചത്തിൽ വായിക്കുന്നു | എല്ലാ ദിവസവും | ഹിന്ദി അധ്യാപകർ | --- | |
| 2 | വായന മൂല സജ്ജീകരണം | കുട്ടികൾ തങ്ങളുടെ ഉത്തരവാദിത്വത്തിൽ ക്ലാസ് അടിസ്ഥാനത്തിൽ വായന മൂല സജ്ജീകരിക്കുന്നു | വർഷം മുഴുവൻ | ഹിന്ദി അധ്യാപകർ | --- | |
| 3 | വായന മത്സരം ക്ലാസ്സ് അടിസ്ഥാനത്തിൽ | വായന മൂലയിൽ സമാഹരിച്ച പുസ്തകങ്ങൾ വായിച്ച് കുട്ടികൾ വായനക്കുറിപ്പ് തയ്യാറാക്കുന്നു | മാസത്തിലൊരിക്കൽ | ഹിന്ദി അധ്യാപകർ | --- | |

| Subject | SCIENCE | | | Section: HS | | |
|---|---|---|---|---|---|---|
| Sl. No. | പദ്ധതിയുടെ/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങളുടെ ലഘുവിവരണം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് | ചുമതല | സാമ്പത്തികസഹായം ആവശ്യമുണ്ടെങ്കിൽ അവയുടെ സ്രോതസ്സ് | മറ്റ് സൂചനകൾ |
| 1 | ശാസ്ത്രമേള സംഘടിപ്പിക്കുക | ശാസ്ത്രാഭിരുചി വളർത്താൻ | വർഷത്തിലൊരിക്കൽ | സയൻസ് ക്ലബ് | --- | |
| 2 | ഫീൽഡ് ട്രിപ് | ശാസ്ത്രപ്രാധാന്യം ഉള്ള സ്ഥലം | വർഷത്തിലൊരിക്കൽ | ടീച്ചേർസ്, പി ടി എ | --- | |
| 3 | ശാസ്ത്ര പരീക്ഷണം | ശാസ്ത്രതാത്പര്യം വളർത്താൻ | വർഷത്തിലൊരിക്കൽ | സയൻസ് ക്ലബ് | --- | |
| 4 | ദിനാചാരണം | ഓരോ ദിനത്തിന്റെയും പ്രാധാന്യം കുട്ടികൾ മനസ്സിലാക്കാൻ | അതാതു ദിനം | സയൻസ് ക്ലബ് | --- | |

| Subject | SCIENCE | | | Section: UP | | |
|---|---|---|---|---|---|---|
| Sl. No. | പദ്ധതിയുടെ/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങളുടെ ലഘുവിവരണം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് | ചുമതല | സാമ്പത്തികസഹായം ആവശ്യമുണ്ടെങ്കിൽ അവയുടെ സ്രോതസ്സ് | മറ്റ് സൂചനകൾ |
| 1 | ഔഷധക്കൂട്ട് | ഔഷധസസ്യങ്ങളുടെ തോട്ടം നിർമ്മാണം | വാർഷികപദ്ധതി | സയൻസ് ക്ലബ് | --- | |
| 2 | ഉച്ചഭക്ഷണത്തിനൊരു കൈത്താങ്ങ് | ഗ്രോബാഗിൽ പച്ചക്കറി നടീലും പരിപാലനവും വിളവെടുപ്പും | വാർഷികപദ്ധതി | സയൻസ് ക്ലബ് | --- | |

| Subject | SOCIAL SCIENCE | | | | Section: HS | |
|---|---|---|---|---|---|---|
| Sl. No. | പദ്ധതിയുടെ/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങളുടെ ലഘുവിവരണം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് | ചുമതല | സാമ്പത്തികസഹായം ആവശ്യമുണ്ടെങ്കിൽ അവയുടെ സ്രോതസ്സ് | മറ്റ് സൂചനകൾ |
| 1 | സോഷ്യൽ സയൻസ് ലൈബ്രറി | വിവരശേഖരണം | മാസത്തിൽ | സോഷ്യൽ സയൻസ് ക്ലബ് | --- | |
| 2 | ഫീൽഡ് ട്രിപ് | ചരിത്രപ്രധാന്യം ഉള്ള സ്ഥലം | വർഷത്തിൽ | ടീച്ചേർസ്, പി ടി എ | --- | |
| 3 | ഇന്റർവ്യൂ | വിവരശേഖരണം | വർഷത്തിൽ | ടീച്ചേർസ് | --- | |
| 4 | ദിനാചാരണം | ഓരോ ദിനത്തിന്റെയും പ്രാധാന്യം കുട്ടികൾ മനസ്സിലാക്കാൻ | അതാതു ദിനം | സോഷ്യൽ സയൻസ് ക്ലബ് | --- | |

| Subject | SOCIAL SCIENCE | | | | Section: UP | |
|---|---|---|---|---|---|---|
| Sl. No. | പദ്ധതിയുടെ/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങളുടെ ലഘുവിവരണം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് | ചുമതല | സാമ്പത്തികസഹായം ആവശ്യമുണ്ടെങ്കിൽ അവയുടെ സ്രോതസ്സ് | മറ്റ് സൂചനകൾ |
| 1 | ഭൂപട നൈപുണി വളർത്തൽ | സ്കൂളിൽ എല്ലാ കുട്ടികളും കാണത്തക്ക വിധത്തിൽ ഭിത്തികളിൽ ഭൂപടങ്ങളും മറ്റ് അവശ്യ ചരിത്രവുമായും സംസ്കാരവുമായും ബന്ധപ്പെട്ട ചിത്രങ്ങൾ വരയ്ക്കൽ. | വാർഷിക പദ്ധതി | സോഷ്യൽ സയൻസ് ക്ലബ്ബ്, പി.ടി.എ., അധ്യാപകർ | --- | |
| 2 | ഫീൽഡ് ട്രിപ്പ് | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ | വാർഷിക പദ്ധതി | സോഷ്യൽ സയൻസ് ക്ലബ്ബ്, പി.ടി.എ. | --- | |
| 3 | സോഷ്യൽ സയൻസ് ഫെസ്റ്റ് | പാഠഭാഗങ്ങളിൽ പഠിച്ച കാര്യങ്ങൾ ആശയദൃശ്യാവിഷ്കാരങ്ങളിലൂടെ അവതരിപ്പിക്കുന്നു. | വാർഷിക പദ്ധതി | സോഷ്യൽ സയൻസ് ക്ലബ്ബ് | --- | |

| Subject | MATHEMATICS | | | | Section: HS | |
|---|---|---|---|---|---|---|
| Sl. No. | പദ്ധതിയുടെ/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങളുടെ ലഘുവിവരണം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് | ചുമതല | സാമ്പത്തികസഹായം ആവശ്യമുണ്ടെങ്കിൽ അവയുടെ സ്രോതസ്സ് | മറ്റ് സൂചനകൾ |
| 1 | ചതുഷ്ക്രിയകൾ ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ | ഹൈസ്കൂൾ ക്ലാസ്സുകളിൽ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനായി ആവശ്യമുള്ള കുട്ടികളെ മനസിലാക്കി ഈവനിംഗ് ക്ലാസ് സംഘടിപ്പിക്കുന്നു. | ഫസ്റ്റ് ടെം - ആഴ്ചയിൽ ഒരിക്കൽ | ഗണിതാധ്യാപകർ | --- | |
| 2 | ജ്യാമിതീയരൂപങ്ങളെക്കുറിച്ചും അവയുടെ കോണളവുകൾ, നിർമിതി, കോണുകളുടെ തുക, കോൺ അളക്കൽ ഇവയുമായി ബന്ധപ്പെട്ട പ്രവർത്തനം | ജ്യാമിതീയരൂപങ്ങൾ ഉണ്ടാക്കുന്ന വശങ്ങൾ, കോണുകൾ ഇവ മനസിലാക്കുന്നു. മട്ടകോണിന്റെ ഉപയോഗം, കോണുകളുടെ തുക കണ്ടെത്തൽ, ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ നൽകി ആശയങ്ങൾ ഉറപ്പിക്കുന്നു. | സെക്കൻഡ് ടെം - ആഴ്ചയിൽ ഒരിക്കൽ | ഗണിതാധ്യാപകർ | --- | |
| 3 | +ve, -ve സംഖ്യകളുടെ ചതുഷ്ക്രിയകൾ, സർവ്വസമവാക്യങ്ങൾ എളുപ്പമാക്കുന്ന പ്രവർത്തനങ്ങൾ | ഉദാഹരണങ്ങളിലൂടെ ക്രിയകൾ ഉറപ്പിക്കുന്നു. സമവാക്യങ്ങളുടെ നിർധാരണവും ചെയ്യുന്നു. | തേർഡ് ടെം - ആഴ്ചയിൽ ഒരിക്കൽ | ഗണിതാധ്യാപകർ | --- | |

| SUBJECT | MATHEMATICS | | | | SECTION: UP | |
|---|---|---|---|---|---|---|
| Sl. No. | പദ്ധതിയുടെ/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങളുടെ ലഘുവിവരണം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് | ചുമതല | സാമ്പത്തികസഹായം ആവശ്യമുണ്ടെങ്കിൽ അവയുടെ സ്രോതസ്സ് | മറ്റ് സൂചനകൾ |
| 1 | ജ്യാമിതീയരൂപങ്ങൾ എഴുതാനും വായിക്കാനും അറിയുക. | ചതുർഭുജങ്ങൾ ഉപയോഗിച്ച് സ്കൂളിൽ പൂന്തോട്ടം നിർമിക്കൽ | വാർഷികപദ്ധതി | മാത്‌സ് ക്ലബ്ബ്, പി.ടി.എ | --- | |
| 2 | ചതുഷ്ക്രിയകൾ ഉറപ്പിക്കുക | യു.പി. ക്ലാസ്സുകളിൽ ചതുഷ്ക്രിയകൾ അറിയാത്ത കുട്ടികൾക്ക് ഈവെനിംഗ് ക്ലാസ് നൽകൽ | സെക്കൻഡ് ടേം - ആഴ്ചയിൽ ഒരിക്കൽ | ഗണിതാധ്യാപകർ | --- | |
| 3 | മികവുത്സവം | ഗണിതത്തോടുള്ള അഭിരുചി വളർത്തുന്നതിന് വിവിധ ഗണിത മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | തേർഡ് ടേം | ഗണിതാധ്യാപകർ | --- | |

| SUBJECT | PHYSICAL EDUCATION | | | | SECTION: HS & UP | |
|---|---|---|---|---|---|---|
| Sl. No. | പദ്ധതിയുടെ/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങളുടെ ലഘുവിവരണം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് | ചുമതല | സാമ്പത്തികസഹായം ആവശ്യമുണ്ടെങ്കിൽ അവയുടെ സ്രോതസ്സ് | മറ്റ് സൂചനകൾ |
| 1 | Physical, Mental and Social welbeing of children | Giving both theoratical and practical classes to students | Allotted Periods | Physical Edu. Teacher | --- | |
| 2 | Training according to the aptitude of children | Giving practice for students based on different age categories | 4 days in a week | Physical Edu. Teacher | --- | |
| 3 | Training for taking part in competition | Training given to selected students as a team | July to November | Physical Edu. Teacher | --- | |
| 4 | Observing, organising and celebrating special days | Ensuring participation of students in Yoga day, National Sports Day and Annual Sports Day | Special Days | Physical Edu. Teacher | --- | |

| SUBJECT | WORK EDUCATION | | | | SECTION: HS & UP | |
|---|---|---|---|---|---|---|
| Sl. No. | പദ്ധതിയുടെ/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങളുടെ ലഘുവിവരണം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് | ചുമതല | സാമ്പത്തികസഹായം ആവശ്യമുണ്ടെങ്കിൽ അവയുടെ സ്രോതസ്സ് | മറ്റ് സൂചനകൾ |
| 1 | എക്സിബിഷൻ | പ്രവൃത്തി പഠനാഭിരുചി വളർത്താൻ | വർഷത്തിൽ | പ്രവൃത്തി പഠന ക്ലബ് | --- | |
| 2 | വർക്ക് എക്സ്പീരിയൻസ് മത്സരങ്ങൾ | ഓരോ കുട്ടിക്കും ഉള്ള നൈപുണി വളർത്താൻ | വർഷത്തിൽ | ടീച്ചേഴ്സ് | --- | |
| 3 | കുട്ടികൾ നിർമ്മിച്ച സാധനങ്ങളുടെ വില്പന | തൊഴിൽ കണ്ടെത്താൻ പ്രേരണ ലഭിക്കാൻ | മാസത്തിലൊരിക്കൽ | പ്രവൃത്തി പഠന ക്ലബ് | --- | |

| SUBJECT | MUSIC | | | SECTION: HS & UP | | |
|---|---|---|---|---|---|---|
| Sl. No. | പദ്ധതിയുടെ/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങളുടെ ലഘുവിവരണം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് | ചുമതല | സാമ്പത്തികസഹായം ആവശ്യമുണ്ടെങ്കിൽ അവയുടെ സ്രോതസ്സ് | മറ്റ് സൂചനകൾ |
| 1 | കുട്ടികളുടെ അഭിരുചി മനസിലാക്കൽ | ഓരോ കുട്ടികളെയും കൊണ്ട് പാടിക്കുന്നു | മാസത്തിൽ | Music Teacher | --- | |
| 2 | കലോത്സവ മത്സരങ്ങൾ നടത്തുന്നു | കുട്ടികളുടെ നൈസർഗ്ഗിക വാസനകളയും കഴിവുകളെയും കണ്ടെത്തുന്നു | വർഷത്തിൽ | Music Teacher | --- | |
| 3 | മുന്നോട്ടു വരാൻ മടിയുള്ള കുട്ടികൾക്ക് പ്രോത്സാഹനം | കഴിവ് വളർത്തുന്നു | വർഷത്തിൽ | Music Teacher | --- | |

| SUBJECT | DRAWING | | | SECTION: HS & UP | | |
|---|---|---|---|---|---|---|
| Sl. No. | പദ്ധതിയുടെ/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങളുടെ ലഘുവിവരണം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് | ചുമതല | സാമ്പത്തികസഹായം ആവശ്യമുണ്ടെങ്കിൽ അവയുടെ സ്രോതസ്സ് | മറ്റ് സൂചനകൾ |
| 1 | സർഗ്ഗപ്രതിഭ | ഓരോ വിദ്യാർത്ഥികളെയും സർഗ്ഗവാസനയുള്ളവരാക്കി മാറ്റുന്നതിനായി ചിത്രകലയിലെ അടിസ്ഥാനതത്വങ്ങൾ ലഘുരചനകളിലൂടെ ഉറപ്പിക്കുന്നു. | ഡ്രോയിങ് പിരീഡ് വാർഷിക പദ്ധതി | ഡ്രോയിങ് ടീച്ചർ | --- | |
| 2 | സർഗ്ഗപ്രതിഭ തുടർപ്രവർത്തനം | അടിസ്ഥാനതത്വങ്ങൾ അടിസ്ഥാനമാക്കി ചിത്രകലാധ്യാപകൻ തന്നെ തയാറാക്കി നൽകുന്ന ചിത്രങ്ങൾ അടങ്ങിയ ഡ്രോയിങ് ബുക്കിൽ കുട്ടികൾ രചന നടത്തുന്നു. | ഡ്രോയിങ് പിരീഡ് വാർഷിക പദ്ധതി | ഡ്രോയിങ് ടീച്ചർ | --- | |
| 3 | ചിത്രാങ്കണം | സർഗ്ഗശേഷിയുള്ളവരും താത്പര്യമുള്ളവരുമായ കുട്ടികളെ കണ്ടെത്തി ക്ലാസ് സമയത്തിന് ശേഷം താത്പര്യമുള്ള വിഷയങ്ങളിൽ കലാപരിശീലനം നൽകൽ | സെക്കൻഡ് ടെം മുതൽ | ഡ്രോയിങ് ടീച്ചർ | --- | |
| 4 | സർഗ്ഗസംഗമം | കലാമേഖലയിലെ പ്രതിഭകളെ സ്കൂളിലേക്ക് ക്ഷണിച്ച് സെഷനുകൾ സംഘടിപ്പിക്കുക. | വർഷത്തിലൊരിക്കൽ | ഡ്രോയിങ് ടീച്ചർ | --- | |
| 5 | കലോത്സവവും തുടർപ്രവർത്തനങ്ങളും | സ്കൂൾതല കലോത്സവത്തിന്റെ ഭാഗമായി വിവിധ ചിത്രരചനാമത്സരങ്ങൾ സംഘടിപ്പിക്കുകയും അതിന്റെ തുടർപ്രവർത്തനമായി മികച്ച കുട്ടികൾക്ക് പരിശീലനം നൽകി അവരെ സബ്ജില്ലാ, റവന്യു, സംസ്ഥാനതല മത്സരങ്ങൾക്ക് ഒരുക്കുക. | വാർഷികപദ്ധതി | ഡ്രോയിങ് ടീച്ചർ | --- | |
| 6 | ദിനാചരണം | ഓരോ ദിനാചരണവുമായും ബന്ധപ്പെട്ട് പോസ്റ്റർ, പെൻസിൽ ഡ്രോയിങ്, വാട്ടർ കളറിംഗ്, കാർട്ടൂൺ, കാരിക്കേച്ചർ എന്നീ രചനകൾ കുട്ടികളെക്കൊണ്ട് ചെയ്യിക്കുക | ഓരോ ദിനാചരണ ദിവസങ്ങളിലും | ഡ്രോയിങ് ടീച്ചർ | --- | |

| Subject | Information & Communication Technology | | | Section: HS & UP | | |
|---|---|---|---|---|---|---|
| Sl. No. | പദ്ധതിയുടെ/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങളുടെ ലഘുവിവരണം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് | ചുമതല | സാമ്പത്തികസഹായം ആവശ്യമുണ്ടെങ്കിൽ അവയുടെ സ്രോതസ്സ് | മറ്റ് സൂചനകൾ |
| 1 | Smart Teacher 2.0 | അധ്യാപകശാക്തീകരണം 5 മുതൽ 10 വരെ ക്ലാസ്സുകളിൽ ഐ സി ടി വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകർക്കായി അവധിദിനങ്ങളിൽ എസ്.ഐ.ടി.സി., ലിറ്റിൽ കൈറ്റ് മാസ്റ്റേഴ്സ് എന്നിവരുടെ നേതൃത്വത്തിൽ പരിശീലനപദ്ധതി. | വാർഷികപദ്ധതി | എസ്.ഐ.ടി. സി., ലിറ്റിൽ കൈറ്റ് മാസ് റ്റേഴ്സ് | --- | |
| 2 | Smart Student 2.0 | ഐ സി ടി വിഷയങ്ങളിൽ കുട്ടികൾക്ക് താല്പര്യം വർധിപ്പിക്കുന്നതിനായി ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കുട്ടികൾക്ക് വിഷയപരിചയവും പരിശീലനവും നൽകൽ. | മാസത്തിലൊരിക്കൽ | എസ്.ഐ.ടി. സി., ലിറ്റിൽ കൈറ്റ് മാസ് റ്റേഴ്സ് | --- | |
| 3 | Smart Kite | ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കായി പഠനാധിഷ്ഠിതവും ഗവേഷണതാല്പര്യം വര്ധിപ്പിക്കുന്നതുമായ സെഷനുകൾ സംഘടിപ്പിക്കൽ | മാസത്തിലൊരിക്കൽ | എസ്.ഐ.ടി. സി., ലിറ്റിൽ കൈറ്റ് മാസ് റ്റേഴ്സ് | --- | |
| 4 | IT ശാസ്ത്രമേള | സ്കൂളിലെ മൊത്തം വിദ്യാർത്ഥികൾക്കായി ശാസ്ത്രമേളയോടനുബന്ധിച്ച് ഐ ടി അധിഷ്ഠിത മത്സരങ്ങൾ സംഘടിപ്പിക്കൽ | സ്കൂൾ തല ശാസ്ത്രമേള ദിവസങ്ങളിൽ | എസ്.ഐ.ടി. സി., ലിറ്റിൽ കൈറ്റ് മാസ് റ്റേഴ്സ് | --- | |
| 5 | IT ശാസ്ത്രമേള - തുടർപ്രവർത്തനങ്ങൾ | ശാസ്ത്രമേളയിൽ വിജയികളായ കുട്ടികൾക്കായി സബ്ജില്ലാ, റവന്യൂ, സംസ്ഥാനതല മത്സരങ്ങളിൽ മികച്ച പ്രകടനം നടത്തുന്നതിനായി പരിശീലനം നൽകൽ | ആഴ്ചയിൽ രണ്ടുദിവസം - ഫസ്റ്റ് ടേം നു ശേഷം | എസ്.ഐ.ടി. സി., ലിറ്റിൽ കൈറ്റ് മാസ് റ്റേഴ്സ് | --- | |

## 4) ഉപസംഹാരം

അങ്കമാലി ഹോളി ഫാമിലി ഹൈസ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. ഓരോ വിദ്യാർത്ഥികളുടെയും സർവ്വതോൻമുഖമായ വളർച്ചയും മികവുമാണ് സമഗ്രവിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. അത്തരത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന ഉറച്ച ബോധ്യം ഞങ്ങൾക്കുണ്ട്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ സമയബന്ധിതമായി നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൂർവ്വവിദ്യാർഥികളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന ഉത്തമ വിശ്വാസത്തോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയാറാക്കിയിട്ടുള്ളത്.

***********